## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ - 891 — 02.12.2015 ലെ മറുപടിയ്ക്ക്

### പാലക്കാട് ജില്ലയിലെ ജലസംഭരണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ചന്ദ്രൻ | പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പാലക്കാട് ജില്ലയിലെ ജലസംഭരണികളിൽ ആവശ്യത്തിന് ജലം ലഭ്യമാണോ; | (എ) പാലക്കാട് ജില്ലയിൽ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയിൽ ആവശ്യമായ ജലം ലഭ്യമാണ്. മലമ്പുഴ സംഭരണിയിൽ 46 ദിവസത്തേയ്ക്കും പോത്തുണ്ടി സംഭരണിയിൽ 56 ദിവസത്തേക്കും മംഗലം ജലസംഭരണിയിൽ 78 ദിവസത്തേക്കും, വാളയാർ ഡാമിൽ 27 ദിവസത്തേക്കും, ചുള്ളിയാർ മീങ്കര, ഡാമുകളിൽ 32 ദിവസത്തേക്കും ജലസേചനത്തിനാവശ്യമായ ജലം ലഭ്യമാണ്. |
| (ബി) ജില്ലയിൽ 2015 ലെ കാലവർഷത്തിലും തുലാവർഷത്തിലും ഇതുവരെ മുൻവർഷത്തെ അപേക്ഷിച്ച് എത്ര കുറവ് അനുഭവപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ; | (ബി) പാലക്കാട് ജില്ലയിലെ ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകളിൽ 2015 ജൂൺ-സെപ്റ്റംബർ കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് 97 ദശലക്ഷം ക്യൂബിക് മീറ്റർ വെള്ളം കുറവുള്ളതായി കാണപ്പെടുന്നു (01/10/2015 ലെ കണക്കുപ്രകാരം). മേൽ പറഞ്ഞ ഡാമുകളിൽ 2015 ഒക്ടോബർ-നവംബർ കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് 69 ദശലക്ഷം ക്യൂബിക് മീറ്റർ വെള്ളം കുറവുള്ളതായി കാണപ്പെടുന്നു (15/11/2015 ലെ കണക്കുപ്രകാരം) |
| (സി) രണ്ടാം വിളയ്ക്ക് തുറന്നുവിടാൻ ആവശ്യമായ ജലം ജില്ലയിലെ ജലസംഭരണികളിൽ ലഭ്യമാണോ; | (സി) രണ്ടാം വിളയ്ക്ക് തുറന്നുവിടാൻ ആവശ്യമായ ജലത്തിന്റെ ലഭ്യത താഴെ പറയും പ്രകാരമാണ്. |

| പ്രോജക്ട് | ജലലഭ്യത |
|---|---|
| കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ട് | ലഭ്യമാണ് |
| മലമ്പുഴ | 46 ദിവസത്തേക്ക് |
| പോത്തുണ്ടി | 56 ദിവസത്തേക്ക് |
| മംഗലം | 78 ദിവസത്തേക്ക് |
| വാളയാർ | 27 ദിവസത്തേക്ക് |
| മീങ്കര | 32 ദിവസത്തേക്ക് |
| ചുള്ളിയാർ | 32 ദിവസത്തേക്ക് |

(ഡി) മഴക്കുറവ് ഉണ്ടെങ്കിൽ നേരിടുന്നതിന് പാലക്കാട് ജില്ലയിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(ഡി) മലമ്പുഴ ജലസംഭരണിയിൽ ജലലഭ്യതയനുസരിച്ച് ജലവിതരണം ക്രമീകരിച്ചിട്ടുണ്ട്. കർഷകരുടെ യോഗം ചേർന്ന് അവരെ ജലസംഭരണിയിലെ ജലലഭ്യതയെക്കുറിച്ച് ബോധ്യപ്പെടുത്തുകയും സുഗമമായ ജലവിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ചിറ്റൂർ ഡിവിഷനിൽ കൃഷിരീതിയെക്കുറിച്ച് തീരുമാനിക്കുന്നതിനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിള നിർണ്ണയ സമിതിയോഗം ചേർന്നിട്ടുണ്ട്. 05/12/2015 ന് പദ്ധതി ഉപദേശകസമിതി യോഗം ചേരാൻ നിശ്ചയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ